# തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം

| | |
|---|---|
| വിഷയം:- | ആവഡ - ജീവനക്കാര്യം - നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു |
| പരാമർശം:- | 1..ഉത്തരവ് നമ്പർ ഇ എസ് 3-6621/22/ആവഡ തീയതി 27/6/2023<br>2.ഉത്തരവ് നമ്പർ ഇ ഇ 5 -17587/2024/ആവഡ തീയതി: 21-11-2024 |

**ഉത്തരവ് നം :- ആവഡ/17587/2024-ഇഇ5തീയതി:04-12-2024**

നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 450 വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം 2 പ്രകാരം ഉത്തരവായിട്ടുള്ളതാണ് . ഈ പട്ടികയിൽ അടുത്തതായി ഉൾപ്പെട്ട റാങ്ക് നമ്പർ 452 മുതൽ 463 വരെയുള്ള ജീവനക്കാർക്ക് നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1തസ്തികയിൽ നിന്നും സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് 45600-95600 ശമ്പള സ്കെയിലിൽ താഴെ പറയും പ്രകാരം സ്ഥാനക്കയറ്റം നൽകി Annexure പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു . ഈ പട്ടികയിൽ റാങ്ക് നമ്പർ 451,460 ആയി ഉൾപ്പെട്ട ജീവനക്കാർ സേവനത്തിൽ നിന്നും വിരമിച്ചതിനാലും റാങ്ക് നമ്പർ 456 ആയി ഉൾപ്പെട്ട ജീവനക്കാരി ശൂന്യ വേതനാവധിയിൽ ആയതിനാലും സ്ഥാനക്കയറ്റ പട്ടികയിൽ നിന്നും ഒഴിവാക്കുന്നു.

നഴ്സിംഗ് ഓഫീസർ തസ്തികയിലെ പി എസ് സി റാങ്ക് ലിസ്റ്റ് ദിവസങ്ങൾക്കകം അവസാനിക്കുന്നതിനാൽ വേഗത്തിൽ സ്ഥാനക്കയറ്റം നടത്തി തുടർന്ന് വരുന്ന നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ ഒഴിവുകളിലേക്കും സ്ഥാനക്കയറ്റം നടത്തി ഒഴിവുകൾ അതിവേഗം പി എസ് സി ക്കു റിപ്പോർട്ട് ചെയേണ്ടതുള്ളതിനാൽ സീനിയർ ആയ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല . സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയർ ആയ ജീവനക്കാരുടെ സ്ഥലം

മാറ്റ അപേക്ഷകൾ പരിഗണിക്കാതെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 സീനിയോറിറ്റി പട്ടികയിൽ അടുത്തതായുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി പട്ടികയിൽ ഉൾപ്പെടുത്തി നിലവിൽ ഒഴിവുള്ള സ്ഥാപനങ്ങളിൽ നിയമിക്കുകയാണ് ചെയ്തിട്ടുള്ളത് . ആയതിനാൽ സ്ഥാനക്കയറ്റപട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ അതാതു സ്ഥാപനങ്ങളിലേക്കുള്ള നിയമനം താത്കാലികമായിരിക്കും . സീനിയർ ആയ സീനിയർ നഴ്സിംഗ് ഓഫീസർ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിച്ചു സ്ഥലം മാറ്റം അനുവദിക്കുമ്പോൾ ആവശ്യമെങ്കിൽ ടി സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിച്ച സ്ഥാപനം പുനഃക്രമീകരിക്കുന്നതാണ് . ആയതിനാൽ ടി പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അവർക്കു നിലവിൽ അനുവദിച്ചിട്ടുള്ള സ്ഥാപനത്തിൽ തുടരണമെന്ന അവകാശ വാദം ഉന്നയിക്കാൻ കഴിയുന്നതല്ല .

സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കേണ്ടതാണ് . ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുൻപ് ഇവർക്കെതിരെ അച്ചടക്ക നടപടി നിലവിൽ ഇല്ലായെന്ന് സ്ഥാപനമേധാവികൾ ഉറപ്പു വരുത്തേണ്ടതാണ് . ജോലിയിൽ നിന്നും വിടുതൽ ചെയ്ത തീയതിയും സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് . ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ് .

Signed by
Nandakumar.k.v
Date: 04-12-2024 19:09:15

അഡീഷണൽ ഡയറക്ടർ (മെഡിക്കൽ &

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ
പകർപ്പ്:

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം),
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

| Annexure | | | | |
|---|---|---|---|---|
| **promotion of Nursing Officer Grade 1 to the cadre of Senior Nursing Officer** | | | | |
| **Sl NO** | **Rank No as in Ref 1** | **Name PEN & Present Station** | **Promoted & posted to** | **Remarks** |
| 1 | 452 | NESSARY.A SALAM<br>THQH Peerumed Idukki<br>270119 | W&C Hospital Alappuzha | |
| 2 | 453 | BINCYGEORGE<br>DHKozhenchery Pathanamthitta<br>379469 | GH Thiruvananthapuram | |
| 3 | 454 | CINUMOL BEGUM.P.S<br>General Hospital Kottayam<br>238156 | GH Thiruvananthapuram | |
| 4 | 455 | REJEENA.P.K<br>PHC Cheruvattoor Ernakulam<br>302734 | CHC Alappad Thrissur | |
| 5 | 457 | SWAPNA.P. R<br>Taluk Hospital Piravom Ernakulam<br>418468 | General Hospital Thrissur | |
| 6 | 458 | RASIYA.T.A<br>District Hospital Palakkad<br>339170 | THQH Chittoor Palakkad | |
| 7 | 459 | NASEEMA.P.A<br>PHC Edavetty Idukki<br>238355 | DH Chenganoor Alappuzha | |
| | | | | |

| | | | | |
|---|---|---|---|---|
| 8 | 461 | BLESSY VARGHESE CHC Vengola Ernakulam 339036 | THQH Kodungalloor Thrissur | |
| 9 | 462 | RASEENA.K CHC Koottikkal Kottayam 238357 | W&C Hospital Thycaud Thiruvananthapuram | |
| 10 | 463 | JAYAKUMARI.R District Hospital Kollam 493981 | District Hospital Kollam | |

Signed by
Nandakumar.k.v
Date: 04-12-2024 19:07:56

Additional Director (Medical &

Hospital Administration